പട്ടികജാതി/പട്ടികവർഗ്ഗ ഉപദേശകസമിതികളുടെ പുനഃസംഘടന

951 [1526] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ-സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ ഉപദേശകസമിതികളും പുനഃസംഘടിപ്പിക്കുവാൻ വല്ല നിർദ്ദേശവും ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ ജില്ലാ ഉപദേശക സമിതികളിലും മറ്റും പ്രാതിനിദ്ധ്യമില്ലാത്ത വിഭാഗങ്ങൾക്കുകൂടി പ്രാതിനിദ്ധ്യം നൽകി കമ്മിറ്റികളും പുനഃസംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരിഗണിക്കാവുന്നതാണ്.

മദ്യഷാപ്പുകൾ

952 [1534] ശ്രീ. എം. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകെ എത്ര വിദേശമദ്യഷാപ്പുകളും ചാരായഷാപ്പുകളും കള്ളുഷാപ്പുകളും ഉണ്ട് ;

(ബി) വിവിധ ഇനം ഷാപ്പുകളുടെ ജില്ലതിരിച്ചുള്ള വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്താകെ 62 വിദേശമദ്യ ചില്ലറ വിൽപനഷാപ്പുകളും 65 വിദേശമദ്യ മൊത്തവിൽപനഷാപ്പുകളും 865 ചാരായമെയിൻഷാപ്പുകളും 2314 കള്ളുഷാപ്പുകളും (മെയിൻഷാപ്പുകൾ) ഉണ്ട്.

(ബി) വിവിധ ഇനം ഷാപ്പുകളുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.*

തിരുവനന്തപുരം—കല്ലട ഫാസ്റ്റ് പാസഞ്ചർ

953 [1537] ശ്രീ. കല്ലട നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം—കല്ലട ഫാസ്റ്റ് പാസഞ്ചർ ആരംഭിച്ചിട്ടു ഇപ്പോൾ എത്ര വർഷമായെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ബസ്സിനു പാലമുക്ക് ഒരു അംഗീകൃത സ്റ്റോപ്പാണോ ;

---

*അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly